LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

303 (3125) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലുള്ള പെൻഷൻകാർക്ക് ഏത് മാസംവരെയാണ് പെൻഷൻ നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ബി) കുടിശ്ശിക എന്ന് നൽകാനാകും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 ഏപ്രിൽ, മെയ് മാസങ്ങളിലെ പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 2015 ജൂൺ മാസത്തിലെ പെൻഷൻ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസംവരെയുള്ള കാലയളവിലെ പെൻഷൻ പരമാവധി 15,000 രൂപയായി നിജപ്പെടുത്തിയാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന തുക കുടിശ്ശികയാണ്.

(ബി) രണ്ട് മാസത്തെ പെൻഷൻ കുടിശ്ശിക ജൂലൈ, സെപ്റ്റംബർ മാസങ്ങളിലും പെൻഷൻ 15,000 രൂപയായി നിജപ്പെടുത്തി നൽകിയതുമൂലം ഉണ്ടായിട്ടുള്ള ആറ് മാസത്തെ കുടിശ്ശികയിൽ 2014 ഒക്ടോബർ മാസത്തേത് 2015 ജൂലൈയിലും 2014 നവംബർ, ഡിസംബർ മാസങ്ങളിലേത് 2015 ഒക്ടോബറിലും 2015 ജനുവരി മാസത്തേത് 2015 നവംബറിലും 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേത് 2015 ഡിസംബറിലും നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. പണിമുടക്ക്

304 (3126) ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കണമെന്നതുൾപ്പെടെയുള്ള അടിയന്തര ആവശ്യങ്ങൾ ഉന്നയിച്ച് കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷൻ (സി.ഐ.ടി.യു.) നേതൃത്വത്തിൽ സർക്കാരിന് പണിമുടക്ക് സമര നോട്ടീസ് നൽകിയിട്ടുണ്ടോ ; പ്രസ്തുത ആവശ്യങ്ങളിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംഘടനകളുമായി സർക്കാർ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; അത് നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുതകാര്യം സമര നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) നോട്ടീസ് നൽകിയവരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൊഴിലാളി സംഘടനയുടെ ആവശ്യങ്ങളിന്മേൽ അനുഭാവ പൂർണ്ണമായ നിലപാടാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. പ്രധാന വിഷയങ്ങളായ രണ്ട് മാസത്തെ പെൻഷൻ കുടിശ്ശിക, ജൂലൈ, സെപ്റ്റംബർ മാസങ്ങളിലും പെൻഷൻ 15,000 രൂപയായി നിജപ്പെടുത്തി നൽകിയതുമൂലം ഉണ്ടായിട്ടുള്ള ആറ് മാസത്തെ കുടിശ്ശികയിൽ 2014 ഒക്ടോബർ മാസത്തേത് 2015 ജൂലൈയിലും 2014 നവംബർ, ഡിസംബർ മാസങ്ങളിലേത് 2015 ഒക്ടോബറിലും 2015 ജനുവരി മാസത്തേത് 2015 നവംബറിലും 2015 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേത് 2015 ഡിസംബറിലും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, പ്രതിമാസ പെൻഷൻ എല്ലാ മാസവും 15-ാം തീയതിക്കകം നൽകുന്നതിനും കുടിശ്ശിക ക്ഷാമബത്തയിൽ ആദ്യ ഗഡുവായ 8% സെപ്റ്റംബർ മാസത്തിൽ അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളി പ്രതിനിധികളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന ചർച്ചായോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മേൽ ചർച്ചാ യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുതവിഷയം കെ.എസ്.ആർ.ടി. ഇ.എ. സമർപ്പിച്ച സമര നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അംഗീകൃത തൊഴിലാളി സംഘടനകളുമായി ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-7-2015-ന് ചേർന്ന യോഗത്തിൽ പണിമുടക്കി നാധാരമായി ഉന്നയിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly